# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.4/387/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.4/387/2023 തീയ്യതി: 29/03/2023

## തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 14-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 14-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രതാപ് കുമാർ ആർ, ഓഡിറ്റ് ഓഫീസർ(H.G)
ശ്രീമതി ലക്ഷ്മി വി. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽ കുമാർ ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ ജി. ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമലാ ദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ സുരേഷ് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജീവൻ എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. രാജേഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, സി. എച്ച്. സി | 01-04-2021 | 31-03-2022 |
| ഡോ.ഷൈൻ | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി | 01-04-2021 | 31-03-2022 |
| ഡോ. അരുൺ കുമാർ ജി എസ് | വെറ്റിനറി ഡോക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഉഷാകുമാരി ഐ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ അഭിലാഷ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുജിത്ത് | വി. ഇ. ഒ(ഫസ്റ്റ്) | 01-04-2021 | 31-03-2022 |
| ശ്രീ അരുൺ | വി. ഇ. ഒ(സെക്കന്റ്) | 01-04-2021 | 31-03-2022 |
| ശ്രീ സജീവ് കുമാർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു റ്റി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേഘ്ന എസ് മുരളി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി.റിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീമതി ദീപ ജെ | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2021 | 26-07-2021 |
| ശ്രീ ബാബു രാജ് | അഗ്രിക്കൾച്ചർ ഓഫീസർ | 27-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി. | 1-5-1 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല | 1-5-2 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-3 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ പെൻഷൻ വിഹിതം സർക്കാരിലേക്കടവാക്കാതെ സഹകരണബാങ്കിൽ അവശേഷിക്കുന്നു. | 1-5-4 |
| 10 | ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം | 1-5-5 |
| 11 | ക്യാഷ് ബാലൻസ് | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി- അപാകങ്ങൾ | 1-10 |
| 16 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-11 |
| 17 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-11-1 |
| 18 | കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-2 |
| 19 | ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുക്കാനവശേഷിക്കുന്നു | 1-11-3 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-11-4 |
| 21 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-11-5 |
| 22 | രസീത് പരിപാലനം - അപാകങ്ങൾ | 1-12 |
| 23 | വാടക കുടിശ്ശിക | 1-13 |
| 24 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല. | 1-14 |
| 25 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-15 |
| 26 | അനുവദിക്കേണ്ട ലൈസൻസ് കാലയളവിൽ പ്രാബല്യത്തിലുള്ള വാടകക്കരാർ ലഭ്യമാക്കുന്നില്ല | 1-16 |

| | | |
|---|---|---|
| 27 | വെള്ളക്കരം ഒടുക്കൽ- അപാകത സംബന്ധിച്ച് | 1-17 |
| 28 | മരം മുറിച്ചുമാറ്റൽ - അപാകതകൾ | 1-18 |
| 29 | തനത് ഫണ്ടിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ ക്രമവിരുദ്ധമായി കുറവ് ചെയ്ത തുക തിരികെ ലഭ്യമായില്ല | 1-19 |
| 30 | വക്കീൽ ഫീസ്- ആദായനികുതി ഈടാക്കിയില്ല | 1-20 |
| 31 | ലൈഫ് ഭവന പദ്ധതി- യഥാസമയം വീട് നിർമാണം പൂർത്തിയാക്കിയില്ല | 1-21 |
| 32 | തനത് ഫണ്ട് അക്കൌണ്ടിൽ 17,93,117/- നിഷ്ക്രിയമായി അവശേഷിക്കുന്നു. | 1-22 |
| 33 | ഹരിതകർമസേന പ്രവർത്തനങ്ങൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല, 157905 /- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 34 | രേഖകൾ ലഭ്യമാക്കിയില്ല- 5000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 35 | ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. | 1-25 |
| 36 | വി.ഇ.ഒ മാരുടെ നിഷ്ക്രിയ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക ക്രമീകരിച്ചിട്ടില്ല, അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. | 1-26 |
| 37 | ബയോ പാർക്ക് നിർമാണം പൂർത്തീകരിച്ചില്ല- മുൻകൂർ നൽകിയതിൽ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 38 | 'കന്നുക്കുട്ടി പരിപാലനം'പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 287988/രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 39 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 10635981/-രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 40 | കേരഗ്രാമം പദ്ധതി - തുടർപ്രവർത്തനങ്ങൾ അനിവാര്യം | 1-30 |
| 41 | ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-31 |
| 42 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ്ചെയ്തിട്ടില്ല | 1-32 |
| 43 | അമൃതം ന്യൂട്രിമിക്സ് ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതാണ്. | 1-33 |
| 44 | ശ്മശാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-34 |
| 45 | കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിനായി കെൽട്രോൺ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കിയിട്ടില്ല | 1-35 |
| 46 | വാതക ശ്മശാനം സ്ഥാപിക്കൽ – ടെണ്ടർ നടപടി ക്രമങ്ങൾ, കരാർ ചമയ്ക്കൽ എന്നിവയിൽ അപാകങ്ങൾ – രൂപ 10,10,000/- തടസ്സപ്പെടുത്തുന്നു. | 1-36 |
| 47 | വാഹനങ്ങളുടെ വിവരം Veels-ൽ രജിസ്റ്റർ ചെയ്യ്തിട്ടില്ല. | 1-37 |
| 48 | വാഹനങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച.തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-37-1 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |



| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന്റെ വിശദാംശങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 20.02.2021 ലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 33203052 |
| വരവ് | 419912891 |
| ആകെ | 453115943 |
| ചെലവ് | 450009000 |
| നീക്കിയിരിപ്പ് | 3106943 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം.അതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1-1-1 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ബജറ്റ് ശിപാർശകളുടെ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

1-1-2.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

1.1.3 ബജറ്റിൽ വകയിരുത്തലും ചെലവും.

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.പരിഷ്കരിച്ച ബജറ്റ് 07.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിൽ തുക വകയിരുത്തലുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2207001 | Election Expenses | 20000 | 36130 |

2.ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2205001 | Audit Fee | 25000 | - |
| 2 | 2201002 | Rates | 10000 | - |

എ.എഫ്.എസിലെ പല ഹെഡുകളും ബജറ്റ് റൂളിൽ ലഭ്യമല്ലാത്തതിനാലാണ് ഇത്തരത്തിലുള്ള ചെലവുകൾ കാണപ്പെടുന്നത് എന്നാണ് അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/08.03.2023) മറുപടി ലഭ്യമാക്കിയത്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷികധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 14/11/2022 |

1998-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കണമെന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ല. ഇത്തരം അപാകതകൾ വരും വർഷത്തിൽ ഒഴിവാക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൌണ്ടിംഗ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൌണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

5. കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന്

സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീ.01.09.2021 സർക്കുലർ നം.71/2021/ധന തീ. 03.09.2021പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്തിട്ടില്ല.

6. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2022 മാർച്ച് ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. വസ്തു നികുതി (നോൺ റസിഡൻഷ്യൽ) ഇനത്തിൽ179488/- രൂപPrior Period Item ൽ (I18)ഉൾപ്പെടുത്തി ഡിമാന്റ് തുക കറവ് ചെയ്തിട്ടുണ്ട്.ഇത് സംബന്ധിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. STSB അക്കൗണ്ടിൽ ( അക്കൌണ്ട് നം 799011400002894) Epoc Clearence എന്നയിനത്തിൽ 112379/-രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകകൾ ഏതിനത്തിൽ തിരികെ ലഭ്യമായതാണ്, തിരികെ ലഭ്യമായ തുകകൾ അതാത് വ്യക്തികൾക്ക്/ആവശ്യങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ( B9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. )

പ്രസ്തുത തുകകൾ ഏത് ഇനത്തിലാണ് തിരികെ ലഭ്യമായത് എന്നുള്ളതിന്റെ വിവരങ്ങൾ ട്രഷറി മുഖാന്തിരം ആവശ്യപ്പെട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 9) മറുപടി ലഭ്യമാക്കി.

9. ഡെപ്പോസിറ്റ് രജിസ്റ്റർ (ബി 7 ) ൽ 3വർഷത്തിലധികമായ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

അപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു .

10.ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികമായിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B-11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 120777 | (4053339) |

11. പ്രോജക്ട് നം 6 ( വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ) എന്ന പ്രോജക്ടിനായി 33,574/-രൂപ ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ RP 47 ൽ പ്രസ്തുത ചെലവ് ബുക്ക് ചെയ്തിട്ടില്ല.

12. വരവിനങ്ങളുമായി ബന്ധപ്പെട്ട പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ , ലൈസൻസ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവിനങ്ങളുടെ കൃത്യത ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്താനായിട്ടില്ല.

13. വസ്തുനികുതിയിനത്തിൽ ധനകാര്യപത്രിക,സഞ്ചയ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| വസ്തുനികുതി (തൻവർഷം) | 3518659 | 3521359 | 2349604 | 2414552 | 1227508 | 1112481 |
| വസ്തുനികുതി (കടിശ്ശിക) | 2722399 | 2576357 | 869026 | 881575 | 1748543 | 1704072 |

14. ഇൻകം ആന്റ് എക്സ്പൻഡിച്ചർ, സെക്രട്ടറിയുടെ ബിൽ ബുക്ക് എന്നിവ പ്രകാരം തൊഴിൽ രഹിത വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം എന്നീയിനങ്ങളിൽ യഥാക്രമം 4920/-, 540,000/- എന്നീ ചെലവുണ്ട്. എന്നാൽ ഈ വിവരങ്ങൾ രസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

മേലിനത്തിലെ തുകകൾ പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ മുഖേനയല്ല ലഭ്യമാകുന്നത് എന്നുള്ളതിനാൽ ക്യാഷ് രസീത് മുഖാന്തിരം വരവും ക്യാഷ് മുഖാന്തിരം ചെലവുംകാണിച്ച് മാത്രമേ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളു. ഇപ്രകാരം ചെയ്യുന്നതിന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം വരവും ചെലവും റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നുള്ള വിവരം ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ( നം 36 /15.02.2023 )

15. സുലേഖ പത്രിക പ്രകാരം വി.ഇ.ഒ (സർക്കിൾ 1 ) നിർവഹണഉദ്യോഗസ്ഥനായ പ്രോജക്ട് നം 145 ന് ( ലൈഫ് ഭവനപദ്ധതി സ്പിൽ ഓവർ) ചെലവ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സംസ്ഥാനാവിഷ്കൃതഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ എ.സി.ആർ പ്രകാരം പ്രസ്തുത പ്രോജക്ടിന് ചെലവില്ല. എന്നാൽ ഹൌസിംഗ് ജനറൽ എന്ന ലെഡ്ജർ (251300101) പ്രകാരം 23.11.2021 ൽ 1 ലക്ഷം രൂപ ചെലവ് ബുക്ക് ചെയ്തിട്ടുണ്ട് ( ചെക്ക് നം 29265/23.11.21 Rs10,000/- ) .

പ്രസ്തുത ബില്ലിന്റെ ചെലവ് സാംഖ്യ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യാതെ ശ്രദ്ധക്കുറവ് മൂലം പ്രസ്തുത ബില്ല് ക്യാൻസൽ ചെയ്തതിലെ പിഴവ് കാരണമാണ് സംസ്ഥാനാവിഷ്കൃതഫണ്ടിന്റെ എ.സി.ആർ ൽ പ്രോജക്ട് പ്രകാരമുള്ള തുക ചെലവഴിച്ചതായി കാണപ്പെടാത്തത് എന്നാണ് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

## 1-3 ഗ്രാന്റ് വിനിയോഗം

2021-22 ൽ പഞ്ചായത്തിന് ലഭ്യമായ വിവിധ ഗ്രാന്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19109206 | 19109206 | 23847000 | -4737794 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16138723 | 16138723 | 16065000 | 73723 |
| വികസനഫണ്ട് (റ്റിഎസ്.പി) | 0 | 133666 | 133666 | 207000 | -73334 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 14226580 | 14226580 | 9983875 | 4242705 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5031455 | 5031455 | 4875024 | 156431 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 25241015 | 25241015 | 18985752 | 6255263 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10430801 | 10430801 | 7959754 | 2471047 |
| CSS | 0 | 0 | 0 | 2334228 | -2334228 |
| SSS | 0 | 0 | 0 | 2700000 | -2700000 |

അപാകതകൾ

1) വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ടിനം | | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 19109206 | 23847000 | -4737794 |
| | എ സി ആർ പ്രകാരം | 19109206 | 18809867 | 299339 |
| വികസനഫണ്ട് (എസ് സി പി) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 16138723 | 16065000 | 73723 |
| | എ സി ആർ പ്രകാരം | 16138723 | 15346333 | 792390 |
| വികസനഫണ്ട് (റ്റി എസ് പി) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 133666 | 207000 | -73334 |
| | എ സി ആർ പ്രകാരം | 133666 | 133666 | 0 |
| മെയിന്റൻസ് ഗ്രാന്റ് (റോഡ്) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 25241015 | 18985752 | 6255263 |
| | എ സി ആർ പ്രകാരം | 25241015 | 19278980 | 5962035 |

വികസനഫണ്ട്-ജനറൽ, എസ് സി പി, റ്റി എസ് പി എന്നിവയിൽ നിന്നും സോഴ്സ് ഡിഡക്ഷൻ ചെയ്തിട്ടുള്ള തുകകൾക്കുള്ള ജി.ഒ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ്വെയറിൽ മാത്രമാണ് ചെയ്യാൻ കഴിയുന്നത്.ആയതിനാൽ പ്രസ്തുത ചെലവുകൾ സാംഖ്യവെബ് പ്രകാരമുള്ള എ.സി.ആറിൽ ഉൾപ്പെടുത്താൻ കഴിയാത്തതിനാലാണ് പ്രസ്തുത ഫണ്ടുകളുടെ ചെലവിലും നീക്കിയിരിപ്പിലും ഇപ്രകാരമുള്ള വ്യത്യാസം കാണപ്പെടുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് (4/07.02.2023) മറുപടി ലഭ്യമാക്കി.

2. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവിന്റെ വിശദാംശങ്ങൾ ഗ്രാന്റ് പത്രികയിൽ രേഖപ്പെടുത്തുന്നില്ല. വികസനഫണ്ട് (ജനറൽ), CSS, SSS ഫണ്ടുകളിലെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവിന്റെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനത്തിനായി ഐ.കെ.എം നോട് ആവശ്യപ്പെട്ടുന്നതാണെന്നും , വികസനഫണ്ടിൽ സോഴ്സ് ഡിഡക്ഷൻ പ്രകാരമുള്ള തുകയായ 5037133/-രൂപ വരവിനത്തിൽ ഉൾപ്പെടാത്തതിനാലാണ് നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നതെന്നും ഓഡിറ്റ് അന്വേഷണത്തിന് (4/07.02.2023)മറുപടി ലഭ്യമാക്കി.

3) ചുവടെ ചേർക്കുന്നയിനങ്ങളിലെ ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | ധനകാര്യപത്രിക പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 2405096 | 4242705 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 147195 | 156431 |

ധനകാര്യകമ്മിഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് എന്നിവയുടെ ഇ ഗ്രാമസ്വരാജ് പ്രകാരമുള്ള തുക മാത്രമാണ് ധനകാര്യപത്രികയിൽ ഉൾപ്പെടുന്നത്.എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 2021-22 ലെ ഇ-ഗ്രാമസ്വരാജിൽ ഉൾപ്പെടാതെയുള്ള ട്രഷറി മുഖാന്തിരമുള്ള സ്പിൽ ഓവർ അധികവിഹിതത്തിന്റെ നീക്കിയിരിപ്പുകൂടി ഉൾപ്പെടുന്നതിനാലാണ് ഇപ്രകാരം വ്യത്യാസമുണ്ടാകുന്നതെന്ന് അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 4/07.02.2023) മറുപടി ലഭ്യമാക്കി.

4) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 17729038 | 8568740 | 48 |
| | പട്ടിക ജാതി | 0 | 0 | 0 |
| സേവനം | പൊതുവിഭാഗം | 74281534 | 46440643 | 63 |
| | പട്ടിക ജാതി | 60719409 | 22447411 | 37 |
| | പട്ടികവർഗം | 1200534 | 667034 | 56 |
| പശ്ചാത്തലം | പൊതുവിഭാഗം | 38503025 | 25825817 | 67 |
| | പട്ടിക ജാതി | 500000 | 0 | 0 |

വികസന ഫണ്ട് ജനറൽ, എസ് സി പി, റ്റി എസ് പി എന്നിവയിൽ 31.03.2022 ന് സാംഖ്യ വെബിൽ 4-ാമത്തെ അലോട്ട്മെന്റായി ലഭ്യമായിട്ടുള്ള തുകകൾ മാത്രമാണ് നീക്കിയിരിപ്പായി എ.സി.ആറിൽ കാണുന്നതെന്നും ഫണ്ടിനത്തിലുള്ള അപര്യാപ്തത മൂലമാണ് ഇപ്രകാരം ചെലവിനത്തിൽ കുറവുവന്നിട്ടുള്ളതെന്നും ഓഡിറ്റ് അന്വേഷണത്തിന് (4/07.02.2023) മറുപടി ലഭ്യമാക്കി.

5)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 7286885 | 4364626 | 60 |
| കുട്ടികൾ | 954481 | 653229 | 68 |
| ഭിന്നശേഷിയുള്ളവർ | 1325000 | 705742 | 53 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 200000 | 100000 | 50 |

6)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019

മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 361738 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 4960969 |

നീക്കിയിരിപ്പുള്ള തുകകൾ അടിയന്തിരമായി തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/07.02.2023) മറുപടി ലഭ്യമാക്കി.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 192933540 | 156 | 103949645 | - | 47 | 53 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 203പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 156എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 53% തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) 47പദ്ധതികൾ നടപ്പാക്കാത്തതിൽ 4 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6011100 | 325 |
| വിധവാപെൻഷൻ | 29829100 | 1950 |
| വാർദ്ധക്യകാലപെൻഷൻ | 48959400 | 3619 |
| വികലാംഗപെൻഷൻ | 9604800 | 619 |
| വിവാഹധനസഹായം | 540000 | 18 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1556400 | 98 |
| തൊഴിൽരഹിത വേതനം | 4920 | 3 |

### 1-5-1 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമപെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽ തുക തിരികെ ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | തുക |
|---|---|---|---|
| 1. | Lalitha Kumari | 102780100732 | 47200 |

| | | | |
|---|---|---|---|
| 2. | Soman D | 102780100757 | 47800 |
| 3. | Ananthavalli Amma | 102780200420 | 66300 |
| 4. | Santha Kumari Amma | 102780201832 | 65300 |
| 5. | Vanithakumari | 102780201923 | 6600 |
| 6. | Sarada Amma | 102780202575 | 9000 |
| 7. | S Kamalamma | 102780400061 | 52000 |
| 8. | Samuel E | 102780400550 | 16800 |
| 9. | Lekshmykutty | 102780500056 | 50400 |
| 10. | K Vimala | 102780600264 | 28000 |
| 11. | Kamalamma | 102780601539 | 52000 |
| 12. | Pushpa Bai G | 102780601896 | 46400 |
| 13. | Sobha L | 102780601952 | 32000 |
| 14. | Syamalvalli Amma | 102780203355 | 13000 |

അനർഹമായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 10 ന് തുക തിരികെ ഒടുക്കുന്നതിന് മേൽ പറഞ്ഞ വ്യക്തികൾക്ക് കത്ത് നൽകിയതാണെന്നും തുക തിരിച്ച് പിടിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം വ്യക്തികൾ അനർഹമായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതിന്മേൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ 01 മുതൽ 88 വരെയുള്ള അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കണ്ടു.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ |
|---|---|---|---|
| 1 | Vasanthi | 28.11.2020 | 721811587978 |
| 2 | APPU.K | 09.11.2020 | 454219808660 |
| 3 | Sayed Kunju | 23.12.2020 | 529009637981 |
| 4 | Dakshayani K | 19.12.2020 | 543440024499 |
| 5 | Thankappan.P | 05.01.2021 | 408177948892 |
| 6 | Santhakumari.p | 31.12.2020 | 696806617903 |
| 7 | P.MATHAVIAMMA | 09.12.2020 | 440812463424 |
| 8 | ABUBAKER | 21.01.2021 | 223825034228 |
| 9 | Elsy | 28.12.2020 | 950219775353 |
| 10 | Chellamma | 12.01.2021 | 630607763055 |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10- നെ തുടർന്ന് ടിയാളുകളുടെയെല്ലാം പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കി. ബാക്കി അപേക്ഷകൾ കൂടി പരിശോധിച്ച് അനർഹരെ യഥാസമയം സസ്പെന്റ്

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-3 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ 01 മുതൽ 88 വരെയുള്ള അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | NEELUPANKAJAKSHI | 262160817968 | 101750200456 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 25.12.2020 | ആക്ടീവ് | 01/21-11/21 | 36800 |
| 2 | Sarasamma | 429077039753 | 102780200509 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 25.12.2020 | ആക്ടീവ് | 01/21-11/21 | 36800 |
| 3 | INDIRADEVI.S | 501849979164 | 102780202064 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 30.12.2020 | ആക്ടീവ് | 01/21-11/21 | 36800 |
| 4 | Saraswathy.P | 435139402559 | 102770600685 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 16.12.2020 | ആക്ടീവ് | 01/21-11/21 | 36800 |
| 5 | Ravi T | 960060994288 | 102820202710 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 07.01.2021 | ആക്ടീവ് | 02/21-11/22 | 35200 |
| 6 | PADMINI | 630953864859 | 102780602015 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 10.01.2021 | ആക്ടീവ് | 02/21-11/22 | 35200 |
| 7. | SUKUMARAPILLAI | 746030384308 | 102780202047 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 11.01.2021 | ആക്ടീവ് | 02/21-11/22 | 35200 |
| 8. | Surendran | 922535014048 | 102780204254 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 17.01.2021 | ആക്ടീവ് | 02/21-11/22 | 35200 |
| 9. | VISWAMBHARAN | 384066254251 | 102780202879 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 31.01.2021 | ആക്ടീവ് | 02/21-11/22 | 35200 |
| 10. | VISHWAMMA.C | 234108477407 | 102780202698 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2.02.2021 | ആക്ടീവ് | 03/21-11/22 | 33600 |
| 11. | K.PADMAVATHIAMMA | 827116741017 | 102780100531 | കർഷക തൊഴിലാളി പെൻഷൻ | 05.02.2021 | ആക്ടീവ് | 03/21-11/22 | 33600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12. | SadhanadhaPaniker | 514393562358 | 102780200681 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 13.02.2021 | ആക്ടീവ് | 03/21-11/22 | 33600 |
| 13. | RAJAPPAN.C | 385895942938 | 102780202493 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 27.02.2021 | ആക്ടീവ് | 03/21-11/22 | 33600 |
| 14. | SUNITHA.L.J | 810303921863 | 102780601974 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 04.03.2021 | ആക്ടീവ് | 04/21-11/22 | 32000 |
| 15. | Thulaseedharan.V | 920078835542 | 102780202409 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 09.03.2021 | ആക്ടീവ് | 04/21-11/22 | 32000 |
| | ആകെ | | | | | | | 521600 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10ന് ടിയാളുകളുടെയെല്ലാം പെൻഷൻ സസ്പെന്റ് ചെയ്ത് അധികമായി കൈമാറിയ തുക തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി . അനർഹമായി നൽകിയ 521600/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. തുടർന്നുള്ള മരണറിപ്പോർട്ടുകൾ കൂടി പരിശോധിച്ച് ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

## 1-5-4 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ പെൻഷൻ വിഹിതം സർക്കാരിലേക്കടവാക്കാതെ സഹകരണബാങ്കിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ 01 മുതൽ 88 വരെയുള്ള അപേക്ഷകളിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ മരണശേഷം സഹകരണബാങ്കിനു കൈമാറിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ടി തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറിയതായി കാണിച്ചിട്ടില്ല. പ്രസ്തുത തുകകൾ സർക്കാരിലേയ്ക്ക് തിരികെ അടവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

| ക്രമ നം. | പേര് | ആധാർ നമ്പർ | മരണപ്പെട്ട തീയതി | തുക സഹകരണബാങ്കിനു കൈമാറിയ കാലയളവ്. |
|---|---|---|---|---|
| 1 | APPU | 535574363762 | 05.02.2021 | 10/21-12/21, 05/22-08/22, 10/22, 11/22 |
| 2 | UNNIKRISHNAN | 938097047944 | 02.12.2020 | 0/21-12/21, 05/22-08/22, 10/22, 11/22 |
| 3 | Vijayamma | 590835079818 | 15.02.2021 | 10/21-12/21, 05/22-11/22 |
| 4 | Shanthakumariamma.s | 398894678262 | 22.03.2021 | 10/21-12/21, 03/22-11/22 |
| 5 | Vasanthi | 721811587978 | 28.11.2020 | 10/21-12/21, 05/22-08/22, 10/22, 11/22 |
| 6 | APPU.K | 454219808660 | 09.11.2020 | 10/21-12/21, 05/22-11/22 |
| 7. | Sayed Kunju | 529009637981 | 23.12.2020 | 10/21-12/21, 03/22-11/22 |
| 8. | Dakshayani K | 543440024499 | 19.12.2020 | 10/21-12/21, 03/22-08/22, 10/22, 11/22 |
| 9. | Thankappan.P | 408177948892 | 05.01.2021 | 10/21-12/21, 03/22-08/22, 10/22, 11/22 |

| | | | | |
|---|---|---|---|---|
| 10. | Santhakumari.p | 696806617903 | 31.12.2020 | 10/21-12/21, 02/22-08/22, 10/22, 11/22 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10ന് ടി ഗുണഭോക്താക്കളുടെ പെൻഷൻ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് രേഖാമൂലം അതത് സഹകരണബാങ്കുകളെ അറിയിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തുടർന്നുള്ള മരണറിപ്പോർട്ടുകൾ കൂടി പരിശോധിച്ച് ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

## 1-5-5 ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം

1. പഞ്ചായത്തിൽ പരിപാലിക്കുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുള്ള രജിസ്റ്ററുകൾ പൂർണമല്ല. പെൻഷൻ അനുവദിച്ച തീയതി രേഖപ്പെടുത്താത്തതിനാൽ സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ തീർപ്പ് കല്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം.) എന്നിവയടക്കമുള്ള വിവരങ്ങൾ പല രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

2. നിശ്ചിത സമയപരിധിക്കുള്ളിൽ പല അപേക്ഷകളിലും തീർപ്പ് കല്പിക്കുന്നതായി കാണുന്നില്ല.

3.വിവാഹ ധനസഹായത്തിന്റെ രജിസ്റ്ററിലെ വിവരങ്ങളും പൂർണമല്ല. ലഭിച്ച അപേക്ഷകളുടെ ഫയൽ അനുമതിയ്ക്കായി വനിതാശിശുവികസന ഓഫീസിൽ നൽകിയിട്ടുള്ളതായോ കളക്ടർക്ക് നൽകിയതിന്റെയോ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20 ന രജിസ്റ്ററുകളെല്ലാം കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും ക്ഷേമ പെൻഷൻ അപേക്ഷകൾ വിവിധ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണം പൂർത്തിയാക്കി തരുന്ന മുറയ്ക്കും തുടർന്ന് കമ്മിറ്റി അംഗീകാരം കൂടി ലഭ്യമായിട്ടുമാണ് തുടർനടപടികൾ സ്വീകരിക്കുന്നതെന്നും അതിനാലാണ് കാലതാമസം നേരിടുന്നതെന്നും തുടർന്നുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2023 തീയതിയിൽ 11.10AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16516/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 135215 | 1155270 | 1290485 | 890485* | 400000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 0 | 67854000 | 67854000 | 67854000 | 0 |
| ആകെ | 135215 | 69009270 | 69144485 | 68744485 | 400000 |

*RP16 ശീർഷകത്തിൽ ചെലവ് 393015 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസമുള്ള തുക 497470/- രൂപ മുൻകൂർ ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.20222, 29.11.2022 | 31.3.20222 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2020 മുതൽ 12.06.2020 വരെ | 2015-16 മുതൽ 2019-20 വരെ | 15.07.2020 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ പരിഹരിക്കുംവിധം കൂടുതൽ ജാഗ്രത പതിപ്പിക്കേണ്ടതുണ്ട്.

വരവ് ഇനങ്ങൾക്കായുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകത കാണുന്നു. പഞ്ചായത്തിലെ ഒന്നിൽ കൂടുതൽ ഇനങ്ങളുടെ വരവ് ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. തെരുവ് വിളക്ക്, പൊതുടാപ്പുകൾ എന്നിവയുടെ രജിസ്റ്റർ കാലികമല്ല.2018-19 വരെയുള്ള വിവരങ്ങൾ മാത്രമാണ് തെരുവ് വിളക്ക്-പൊതുടാപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സംയുക്ത പരിശോധനകൾ നടത്തുന്നതിനുള്ള (KWA,KSEB)നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. അസറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ 2021-22 വർഷം ലൈഫ് പദ്ധതി പ്രകാരം വാങ്ങിയ വസ്തുവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, Collection Register,Cash Book,Voucherഎന്നിവ സൂക്ഷിക്കുന്നില്ല. ഹരിതകർമ്മസേന രജിസ്റ്ററുകൾ കാലികമാക്കുന്നതിനും രേഖകൾ സൂക്ഷിക്ഷിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി- അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം അർദ്ധവർഷത്തിൽ ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിനും തൊഴിൽനികുതി ചുമത്തേണ്ടതാണ്.

I) മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുപരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ,എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം,

Ii) ഗ്രാമപ്പഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവർത്തികള് ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം കൂടാതെ പ്രസ്തുത കരാറുകാരുടെ പേര്, മേൽവിലാസം എന്നിവയും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 15 ന് ടിയാളുകളുടെ വിവരങ്ങൾ ശേഖരിച്ച് അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്.

2. ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ വിവരവും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 15 ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു ബി.എസ്.എൻ.എൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്നും തൊഴിൽനികുതി ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

3. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | Muthoot Mercantile Ltd Pongumood | I Half |
| 2 | Christ Nagar College | I & II Half |
| 3 | Christ Nagar Public School | I & II Half |
| 4 | Fr Philip HSS | I & II Half |
| 5 | Supplyco Maveli Store | I Half |
| 6 | Supplyco Super Market | I IHalf |
| 7 | NTA Marketing Cooperative Society | I & II Half |
| 8 | Mother Teresa College Nellikkad | I & II Half |
| 9 | Trivandrum Dairy Marketing Hub, Kandala | I & II Half |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 15 ന് സ്ഥാപന നികുതി ഒടുക്കുന്നതിനു ടി സ്ഥാപനങ്ങൾക്ക്

നിർദേശം നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

തൊഴിൽ നികുതി ഈടാക്കാനുള്ളവരിൽ നിന്നും ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-11-1 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്സ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽസഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/412A | MOHANAN.J, NAYANA BHAVAN |
| 2 | 1/437D | AJITHA.L/BIJU.V, BIJU BHAVAN |
| 3 | 1/531B | CHANDRALEKHA.L, NAYANAM |
| 4 | 2/232B | JAYAN.P, KATTUVILAVEEDU |
| 5 | 3/42A | HATHUN.S, SEYYADALI MANZIL |
| 6 | 3/75C | NISHAD.N, NOORUL MANZIL |
| 7 | 3/77C | BEEVIJAN.A, SIYA MANZIL |
| 8 | 3/80A | JASEENA.S, SEENATH MANZIL |
| 9 | 3/155A | NAVAS.S/SABEENABEEVI.J, VELAMVILAKAM |
| 10 | 3/160A | VINO.V/CHINJURAJ.L, PARUDEESA |
| 11 | 3/256A | VALSALA.K, KANNAMCODE KIZHAKKUMKARA |
| 12. | 3/326B | KOWSALYA,ASHOKAN, THANAL |
| 13. | 3/329A | USHA.T, SARITHA VILASAM |
| 14. | 3/359A | RENJITHLAL.S.V, RENJITH BHAVAN |

ബി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 2/42 | Anilkumar, Amrithalayam Cheenivila Koovalassery P.o |

| | | |
|---|---|---|
| | 2/42A | Anilkumar, Amrithalayam Cheenivila Koovalassery P.o |
| 2 | 3/451 | Ramganassari, Nellikade |
| | 3/452 | Ramganassari, Nellikade |

## 1-11-2 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉപയോഗക്രമം | പേര് /വിലാസം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) |
|---|---|---|---|---|
| 1. | 4/4A | പാർപ്പിടാവശ്യം | Shahul Hameed,Chillakkattuvil | 69 |
| 2. | 4/4B | പാർപ്പിടാവശ്യം | Mammethi,Chillakkattuvila | 69 |
| 3. | 4/6A | പാർപ്പിടാവശ്യം | A Rajani,Reshma Bhavan Rakandam Vilakammele Karingal Kandala | 85 |
| 4. | 4/14A | പാർപ്പിടാവശ്യം | PANCHAMI S,PANCHAMI BHAVANAM,KUNNATHUVILAKATHU VEEDU, | 90 |
| 5. | 5/20A | പാർപ്പിടാവശ്യം | M Vasantha,Kuzhivila Veedu Mavuvila Kandala P O | 60 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-3 ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുക്കാനവശേഷിക്കുന്നു

താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉപയോഗക്രമം | പേര് /വിലാസം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 10/85 | അസംബ്ലി കെട്ടിടം | President,Sree Vidhyathiraja Memorial NSS Karayogam, | 515 | 2575(2018 ഒന്നാം അർദ്ധവർഷം മുതൽ) |
| 2. | 4/36C | സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | Gamgappan Nair,Chalachakonam | 265 | 2650 (2013 ഒന്നാം അർദ്ധവർഷം മുതൽ) |
| 3. | 4/61A | സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | P Sureshkumar,Mulam Pallikonathu Veedu Karingal Kandala P O,, | 341 | 3410 (2013 ഒന്നാം അർദ്ധവർഷം മുതൽ) |
| 4. | 4/224A | സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | Beenamohan Unnithan,Mavuvila Lekshmi Karingal | 252 | 2520 (2013ഒന്നാം അർദ്ധവർഷം മുതൽ) |
| 5. | 4/258A | സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | Vilasini Amma,Krishnavilasam Benglavu Karingal Kandala P.o, | 341 | 3410 (2013ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| | | | | | മുതൽ) |
| 6. | 4/270B | സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം | RAMESHKUMAR/BINDU,MEGHALAYAM THOONGAMPARA,KANDALA, Kandala P O | 209 | 627 (2020ഒന്നാം അർദ്ധവർഷം മുതൽ) |
| 7. | 4/321A | സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം | S.Dhineshkumar,Shivarama Bhavan Kandala PO | 341 | 3410 (2013 ഒന്നാം അർദ്ധവർഷം മുതൽ) |
| 8. | 4/321B | സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം | K Gopakumar,Apsara Karingal Kandala | 341 | 3410 (2013ഒന്നാം അർദ്ധവർഷം മുതൽ) |
| 9. | 4/434A | സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം | G APPUKUTTAN/JASEENTHA,REJI BHAVAN KATTUVILA THOONGAMPARA | 551 | 2204 (2019ഒന്നാം അർദ്ധവർഷം മുതൽ) |
| 10. | 4/5 | പാർപ്പിടാവശ്യം | M Shahabdeen,Ansi Manzil Kandala Kandala | 80 | 480 (2017ഒന്നാം അർദ്ധവർഷം മുതൽ) |

മേൽ അപാകത സംബന്ധിച്ച നൽകിയ എൻക്വയറി 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

മൊബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 5/455A | Reliance Infratel Limitted, S A Rode , Kadapatra , Kochi | 7560 | 30240 (2019 ഒന്നാം അർദ്ധവർഷം മുതൽ) |
| 2. | 8/408A | Manager, Idia Mobile Communication Limitted Kochi | 8400 | 25200(2020 ഒന്നാം അർദ്ധവർഷം മുതൽ) |
| 3. | 16/340A | Indus Towers, ,Vengarath Building,Bypass Palarivattom, Kochi | 10080 | 10080(2022 ഒന്നം രണ്ടും അർദ്ധവർഷം) |
| 4. | 8/708B | Indus Towers Limited, 8th Floor Vankarath Towers,N.H ByePass Palarivattam | 294* | 2940(2013 ഒന്നാം അർദ്ധവർഷം മുതൽ) |

* സഞ്ചയ പ്രകാരം നിലവിലുള്ള വസ്തുനികുതി 7560 രൂപയായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഡിമാന്റ് ചെയ്തിരിക്കുന്നത് 294 രൂപയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-5 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് കൈകാര്യം ചെയ്യുന്നത്.

2. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ എന്നു വിശദമാക്കിയിട്ടില്ല.

3. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റിനായി ലഭിച്ച ചില അപേക്ഷകൾ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| A1/5407/21, 18/06/21 | Jayan , T K Bhavan |
| A1/5425/21, 19/06/21 | Jayakumar J. J Nivas |
| A1/5828/21, 2/7/21 | Saji S, Kallingavilakam Puthenveedu |
| A1/9477/21, 8/11/2021 | Jayan B, T J Bhavan |
| A1/10255/21, 3/12/2021 | Albin Nicols, Mekkumkara |
| A1/10842/21, 16/12/2021 | Ramshad P R, Chilavacody |
| A1/308/22, 11/1/2022 | Jayakumar, Nandhu Bhavan |
| A1/419/22, 15/1/22 | Rajesh Kumar A, Kadavinmoola |
| A1/612/22, 21/1/22 | Akhil Chandran, Atham |

4. താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും പെർമിറ്റ് ഫീസ് വാങ്ങിയതായി രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ കാണുന്നില്ല.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| A1/7152/21, 16/8/21 | Prabhakaran Nair, Veena Garden |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 രസീത് പരിപാലനം - അപാകങ്ങൾ

1. പഞ്ചായത്ത് വക ശ്മശാനം – രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ശ്മശാനം ഉപയോഗപ്പെടുത്തുന്നവരിൽ നിന്നും തുക കൈപ്പറ്റുമ്പോൾ നൽകുന്ന രസീതുകൾ പ്രിന്റ് ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ, രസീത് ബുക്കുകൾ അച്ചടിച്ചതിന്റെ ചെലവുകൾ, ബില്ലുകൾ, ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ എൻക്വയറി 7 ന്, കോവിഡ് കാലഘട്ടത്തിൽ ആണ് സാംഖ്യ രസീതിന് പകരം അച്ചടിച്ച രസീത് നൽകി തുടങ്ങിയതെന്നും ഇനി മുതൽ രസീതുകൾ സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. 2021-22 വർഷത്തിൽ ആകെ 889 പേർക്കാണ് രസീതുകൾ നൽകിയിരിക്കുന്നത്. എന്നാൽ 700 രസീതുകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിരിക്കുന്നത്. വരും വർഷങ്ങളിൽ രസീതു ബുക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യേണ്ടതും ഹാജരാക്കാത്ത രസീതുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വാടക കുടിശ്ശിക

AFS പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും 75234 രൂപ Rent From Buildings എന്ന ഇനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു. ഈ തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 20 ന് 2020-21 വർഷം ഊരൂട്ടമ്പലം മാർക്കറ്റിലെ 2 കടമുറികൾ വാടകയ്ക്കെടുത്ത ശ്രീ അജി എന്നയാൾക്ക് ടി വർഷത്തെ തുക ഒടുക്കുന്നതിനു രണ്ടു തവണ നോട്ടീസ് നൽകിയെന്നും ടിയാനെതിരെ റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ടിയാളിൽ നിന്നും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ് .

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല.

സഞ്ചയ പ്രകാരം താഴെപ്പറയുന്ന 2274 സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 322സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 41റിക്കോർഡ്സ് |
| 2 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 119റിക്കോർഡ്സ് |
| 3 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 106റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1857റിക്കോർഡ്സ് |
| 6 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 3 റിക്കോർഡ്സ് |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 21റിക്കോർഡ്സ് |
| 8 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 2റിക്കോർഡ്സ് |
| 9 | വ്യവസായങ്ങൾക്കാവിശ്യമുള്ളവ – കൈത്തറി ഷെഡ്, കയറുപിരി ഷെഡ് | 105 റിക്കോർഡ്സ് |
| ആകെ | | 2274 |

പ്രസ്തുത വ്യത്യാസത്തിനു കാരണം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലുള്ള 21 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 255 വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റു മാത്രമാണുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 322സ്ഥാപനങ്ങളാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ടി അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അറിയിക്കേണ്ടതാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 337 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 4 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 19ന് വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് 2022-23 ൽ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചെന്നും അതിൽ പങ്കെടുത്തവരിൽ നിന്നും ലൈസെൻസിനുള്ള അപേക്ഷ സ്വീകരിച്ച് 240 വളർത്തു നായ്ക്കൾക്ക ലൈസൻസ് നല്കിയെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

## 1-16 അനുവദിക്കേണ്ട ലൈസൻസ് കാലയളവിൽ പ്രാബല്യത്തിലുള്ള വാടകക്കരാർ ലഭ്യമാക്കുന്നില്ല

2021-22 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള നിരവധി സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ലൈസൻസ് കാലാവധി തീരുംവരെ പ്രാബല്യത്തിലുള്ള വാടകക്കരാർ ഹാജരാക്കിയിട്ടില്ല. എന്നാൽ ഈ അപേക്ഷകർക്കെല്ലാം 2022 മാർച്ച് 31 വരെ ലൈസൻസ് കൊടുത്തിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് പ്രസ്തുത സ്ഥാപനങ്ങളെല്ലാം സ്ഥിരമായി ലൈസൻസ് പുതുക്കുന്നതാണെന്നും തുടർപരിശോധനയിൽ വാടകക്കരാർ പുതുക്കിയതായി കാണുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. പുതുക്കിയ വാടകക്കരാറിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വെള്ളക്കരം ഒടുക്കൽ- അപാകത സംബന്ധിച്ച്

പ്രോജക്ട് നം-SO230/22

പ്രോജക്ടിന്റെ പേര്-കുടിവെള്ള കരം ഒടുക്കൽ

അടങ്കൽ തുക-2493801/-

ചെലവ് തുക-2493801/-(Bill No.28/2021-22 Dtd 3.3.2022 Amt- 2307194,Bill No.38/2021-22 Dtd 27.3.22 Amt-186607/-)

ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളകരം ഒടുക്കുന്ന ഇനത്തിൽ 2021-22 ൽ 24,93,801/- രൂപ മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ,KWA യുടെ Demand Notice പ്രകാരം പൊതു ടാപ്പുകളുടെ എണ്ണം 503 ആയി കണക്കിലെടുത്താണ് വെള്ളക്കരം ഈടാക്കിയിരിക്കുന്നത്.എന്നാൽ സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വിവരങ്ങൾ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. പ്രസ്തുത രജിസ്റ്ററിൽ പൊതു ടാപ്പുകളുടെ എണ്ണം 458 (2018-19) ആയി രേഖപ്പെടുത്തിയിരിക്കുന്നു. KWAയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്തപരിശോധന നടത്താതെയും പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെയുമാണ് തുക അടവാക്കുന്നത്. പ്രസ്തുത തുക അടവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.26 ന് മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സേവനം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 മരം മുറിച്ചുമാറ്റൽ - അപാകതകൾ

വാർഷിക ധനകാര്യപത്രിക പ്രകാരം Expenses For Cutting Of Dangerous Trees എന്ന ലെഡ്ജർ പ്രകാരം 19,250/- രൂപ മരംമുറിച്ചുമാറ്റുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ ആന്റ് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28.05.2021 ലെ H4-333936/2021 നമ്പർ നടപടിക്രമഉത്തരവിൽ സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ വസ്തുഉടമ സ്വമേധയാ മുറിച്ചുമാറ്റി അപകടാവസ്ഥ ഒഴിവാക്കാത്ത പക്ഷം പഞ്ചായത്ത് അപ്രകാരം ചെയ്യേണ്ടതും ആയതിന് ചെലവാകുന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണെന്ന് ഉത്തരവുണ്ട്, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,4250/- രൂപ ( 5000/- രൂപ പഞ്ചായത്ത് വക മാവ് മുറിച്ചുമാറ്റിയതിന്റെ ചെലവാണ്.) ചെലവാക്കുകയും എന്നാൽ തുക തിരികെ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതുമാണ്.

തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/08.02.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "മരംനിന്നിരുന്ന വസ്തുവിന്റെ ഉടമസ്ഥൻ മരണപ്പെട്ടിട്ടുള്ളതും പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ടിയാളുടെ മക്കൾ തമ്മിൽ കോടതിയിൽ കേസ് നടക്കുന്നതിനാലുമാണ് നാളിതുവരെ പ്രസ്തുത വ്യക്തികളിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നത്."

അടിയന്തിര സാഹചര്യങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ അധികച്ചെലവുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 തനത് ഫണ്ടിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ ക്രമവിരുദ്ധമായി കുറവ് ചെയ്ത തുക തിരികെ ലഭ്യമായില്ല

കേരളാ ഗ്രാമീൺബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.02.2021 ൽ TDS ഇനത്തിൽ 6,742/- രൂപ ബാങ്ക്കുറവ് ചെയ്തിരിക്കുന്നു. തുടർന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29.04.2021 ലെ III(XIV) നമ്പർ തീരുമാന പ്രകാരം 6,742/- രൂപ ബാങ്ക് ചാർജ് (TDS Deduction) ഇനത്തിൽ കുറവ് ചെയ്തത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

അംഗീകരിച്ചിരിക്കുന്നു. സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന്റെ 29.05.2017 ലെ സർക്കുലർ നം. 18/2017 (നം. 385/01/2015-ഐ.റ്റി(ബി)) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനത്തെ റ്റി.ഡി.എസ്സ്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കിയതും ആയത് അംഗീകരിച്ച ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ക്രമവിരുദ്ധമാണ്. ആദായനികുതി റ്റി.ഡി.എസ്. ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുള്ള തുക തിരികെ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 വക്കീൽ ഫീസ്- ആദായനികുതി ഈടാക്കിയില്ല

വാർഷിക ധനകാര്യപത്രികയിൽ Legal Expenses Other Than Recoveris എന്ന ലെഡ്ജർ പ്രകാരം 2021-22 സാമ്പത്തിക വർഷം അരുൺ തോമസ് എന്ന വ്യക്തിയ്ക്ക് 45,000/- രൂപ അഡ്വക്കേറ്റ് ഫീസിനത്തിൽ നല്കിയിട്ടുണ്ട്. എന്നാൽ ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കിയിട്ടില്ല. ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം 30,000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസായി(ലീഗൽ സർവീസ്) നൽകുന്ന വേളയിൽ 10% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടിയിരുന്നു. ഇവിടെ ടി നിയമം പാലിച്ചിട്ടില്ല. ഭാവിയിൽ ആദായ നികുതി നിയമം അനുസരിച്ച് ടി.ഡി.സ് ഈടാക്കിയ ശേഷം മാത്രം ഫീസ് നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9/08.02.2023) .

## 1-21 ലൈഫ് ഭവന പദ്ധതി- യഥാസമയം വീട് നിർമാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതി (പട്ടികജാതി, പട്ടികവർഗം ഫിഷറീസ്) അഡിഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമാണം എന്ന പദ്ധതി പ്രകാരം ( പ്രോജക്ട് നം. 95/22, 143/22) തുകകൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി പൂർത്തിയാക്കാത്ത (കരാർപത്രത്തിൽ പൂർത്തീകരണ കാലാവധി 6 മാസമായാണ് നിഷ്കർഷിച്ചിരിക്കുന്നത്) ഗുണഭോക്താക്കളുടെ വിവരം ( ലൈഫ് SC/ST Additional List Register പ്രകാരം ) ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (സർക്കിൾ 2)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | തുക കൈപറ്റിയതിന്റെ വിവരം | എഗ്രിമെന്റ് വച്ച തീയതി |
|---|---|---|---|---|
| 1. | സിന്ധു എസ് , ഹരിജൻ കോളനി, കരിങ്ങൽ | 7 | ആദ്യഗഡു -02.08.2021<br>അവസാന ഗഡു-29.08.2022<br>കൈപറ്റിയ തുക-350,000 | 200 രൂപയുടെ കരാർ പത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്തി നിർവഹണഉദ്യോഗസ്ഥൻ ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ല. കരാർ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | സംഗീത് റ്റി, മരുതുംമൂട് വീട്, പെരുമുള്ളൂർ | 21 | ആദ്യഗഡു -10.08.2021<br>അവസാന ഗഡു-08.03.2022<br>കൈപറ്റിയ തുക-300,000 | |
| 3 | അമ്പിളി, പാലോട്ടുകോണം, വെളിയംകോട് | 11 | ആദ്യഗഡു -20.11.2021<br>അവസാന ഗഡു-01.11.2022<br>കൈപറ്റിയ തുക-140000/-<br>15.12.2022 ൽ അവസാനമായി തുക നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് കൈപ്പറ്റിയതായുള്ള ഒപ്പ് വച്ചിട്ടില്ല. | |
| 4 | രാജൻ സി , കീഴ്പ്പാട്ടുവിള വീട്, നിറമൺകുഴി | 17 | ആദ്യഗഡു -01.12.2021<br>അവസാന ഗഡു-01.11.2022<br>കൈപറ്റിയ തുക- 260000/<br>15.12.2022 ൽ അവസാനമായി തുക നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് കൈപ്പറ്റിയതായുള്ള ഒപ്പ് വച്ചിട്ടില്ല. | |

| | | | |
|---|---|---|---|
| 5 | അമ്പിളി എ, പിണങ്ങോട്ടുകുഴി തലനിരപ്പ് പുത്തൻവീട്, റസ്സൽപുരം | 16 | ആദ്യഗഡു -09.12.2021<br>അവസാന ഗഡു-21.11.21<br>കൈപറ്റിയ തുക- 200000/ |
| 6 | സുബിന്ദ്രൻ കെ എസ് പാറക്കുഴി ഹരിജൻകോളനി, റസ്സൽപുരം | 15 | ആദ്യഗഡു -29.12.2021<br>അവസാന ഗഡു-01.11.22<br>കൈപറ്റിയ തുക- 140000/ |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് 6 മാസകാലാവധി അവസാനിച്ചപ്പോൾ വീട് പണി പൂർത്തിയാക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരികെ നല്കാൻ നോട്ടീസ് നൽകുകയോ, വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടില്ല. എല്ലാ ഭവനങ്ങളും പൂർത്തീകരണഘട്ടത്തിലാണെന്നും ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 16 /10.02.2023) മറുപടി ലഭ്യമാക്കി.

വീട് നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 തനത് ഫണ്ട് അക്കൌണ്ടിൽ 17,93,117/- നിഷ്ക്രിയമായി അവശേഷിക്കുന്നു.

എസ്.ബി.റ്റി ഊരുട്ടമ്പലം ശാഖയിൽ നിലവിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ (ആർ പി 40ബി പ്രകാരം ) നീക്കിയിരിപ്പ് 17,93,117/- രൂപയാണ്. ബാങ്ക് പാസ് ബുക്കിൽ തൻവർഷം പലിശയിനത്തിലെ വരവുമാത്രമാണ് ഇടപാടായി രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അക്കൌണ്ട് നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. (നിലവിൽ SBI ഊരുട്ടമ്പലം A/c No. 67076148501)

അക്കൗണ്ടിലുള്ള ബാലൻസ് തുക പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി കേരള ഗ്രാമീൺ ബാങ്കിലുള്ള തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം 9/08.02.2023) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഹരിതകർമസേന പ്രവർത്തനങ്ങൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല, 157905 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം, പേര് - 86/23 ഹരിതകർമസേന പ്രവർത്തനങ്ങൾ

അടങ്കൽ - 243600

ചെലവ് - 157905 ( Bill No 9/03.11.21 Rs 60000/-

Bill No 11/22.11.21 Rs 47905/-

Bill No 31/25.03.22 Rs 50000/- )

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ (സർക്കിൾ1)

പ്രോജക്ട് പ്രകാരം ഹരിതകർമസേനയ്ക്ക് വാഹനവാടക, നോട്ടീസ് പ്രിന്റിംഗ്, ത്രാസ്, യൂണിഫോം എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. ബില്ലുകൾ പ്രകാരം തുക ഹരിതകർമസേനയുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം. 40377101071607 IFSC KLGB0040377). ഹരിതകർമസേനയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും രേഖകൾ, കാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, മറ്റ് ചെലവുരേഖകൾ എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 27 *14.02.2023) ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 157905*- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 രേഖകൾ ലഭ്യമാക്കിയില്ല- 5000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം , പേര് -147 റിട്രോഫിറ്റിംഗ് (കക്കൂസ് മെയിന്റൻസ്)

നിർവഹണ ഉദ്യോഗസ്ഥൻ- വി ഇ ഒ (സർക്കിൾ 1)

അടങ്കൽ - 480000 (477626 കേന്ദ്രാവിഷ്കൃത ഫണ്ട്, 2374 തനത് ഫണ്ട്)

ചെലവ് - 480000 ( Rs 2374/- ACR GPF Bill No 428/31.03.2022

Rs 300000/- ACR GPF Bill No.40/03.08.2021

Rs 25000/- ACR GPF Bill No.60/03.09.2021

Rs 10000/- ACR GPF Bill No.83/.7.10.2021

Rs 25000/- ACR GPF Bill No.90/13.10.2021

Rs 5000/- ACR GPF Bill No.112/29.10.2021

Rs 5000/- ACR GPF Bill No.130/20.11.2021

Rs 10000/- ACR GPF Bill No.206/17.01.2022

Rs 10000/- ACR GPF Bill No.227/29.01.2022

Rs 15000/- ACR GPF Bill No.243/10.02.2022

Rs 15000/- ACR GPF Bill No.302/10.03.2022

Rs 57626/- ACR GPF Bill No.427/31.03.2022

റിട്രോഫിറ്റിംഗ് (കക്കൂസ് മെയിന്റൻസ്) എന്ന പ്രോജക്ട് പ്രകാരം 96 പേർക്കാണ് (96 X 5000) ആനുകൂല്യം നൽകിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ ഭൂരിഭാഗം അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതായത് ഗുണഭോക്താക്കളുടെ സത്യപ്രസ്താവന, വി.ഇ.ഒ യുടെ അന്വേഷണ റിപ്പോർട്ട് കരാർ പത്രം എന്നിവ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3,00,000/- രൂപയുടെ ബില്ലിലെ ക്രമ നം 11 പ്രകാരമുള്ള ഗുണഭോക്താവായ വസന്ത എന്ന വ്യക്തിയ്ക്ക് 5,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന്റെ അർഹത പരിശോധിക്കാനായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.24) ഗുണഭോക്താവിന്റെ പാസ്ബുക്കിന്റെ പകർപ്പ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവു തുക 5,000/- തടസ്സപ്പെടുത്തുന്നു.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക്പരിപാലിക്കേണ്ടത്. വി ഇ ഒ ഹാജരാക്കിയ ക്യാഷ് ബുക്ക് TR.7A മാതൃക പ്രകാരമുള്ളതല്ല .

ചെലവഴിച്ച മുഴുവൻ തുകകളെയും സംബന്ധിച്ച വിവരങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല.
ഉദാ- വി ഇ ഒ സർക്കിൾ (1) സൂക്ഷിച്ചിരിക്കുന്ന കാഷ് ബുക്കിൽ തനത് ഫണ്ട് പ്രോജക്ടുകൾ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവുകൾ , പഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കാഷ് ബുക്ക് നിശ്ചിത മാതൃകയിലല്ല.സംക്ഷിപ്തം രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
കാഷ് ബുക്ക് നിശ്ചിത മാതൃകയിൽ, ആവശ്യമായ വിവരങ്ങൾ മുഴുവനും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വി.ഇ.ഒ മാരുടെ നിഷ്ക്രിയ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക ക്രമീകരിച്ചിട്ടില്ല, അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019 ലെ എ 5/574/19 പി.എ.യു നമ്പർ കത്തിൽ വി.ഇ.ഒ. മാരുടെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന നിഷ്ക്രിയ തുകകൾ അടിയന്തിരമായി പിൻവലിച്ച് യഥാവിധി ക്രമീകരിക്കേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ടുകളിലെ തുക മുഴുവൻ പിൻവലിച്ചുകഴിഞ്ഞാൽ ഉടൻതന്നെ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നീക്കിയിരിപ്പ് ശൂന്യമായ ദിവസം വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ബാങ്കിൽ നിന്നും ലഭ്യമാക്കി നാളിതുവരെ റീ-കൺസിലിയേഷൻ പൂർത്തിയാക്കി യഥാവിധി സാക്ഷ്യപ്പെടുത്തിമാത്രം അക്കൗണ്ട്ക്ലോസ് ചെയ്യേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ യുടെ പേരിൽ നിലവിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ, ആയത് ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വി.ഇ.ഒ നൽകിയ മറുപടി പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

. വി.ഇ.ഒ മാരുടെ നിഷ്ക്രിയ അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് 13.11.2019 ൽ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും 28.11.2019 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ XVII(1) നമ്പർ തീരുമാന പ്രകാരം വി.ഇ.ഒ യുടെ അപേക്ഷ തത്കാലം പരിഗണിക്കേണ്ടതില്ലെന്നും അക്കൗണ്ടുകളിലെ തുകയെക്കുറിച്ച് വിശദമായ കണക്ക് നൽകാനും ആവശ്യപ്പെട്ടു.

. തുടർന്ന് വി.ഇ.ഒ ഗ്രാമപഞ്ചായത്തിന് 12.02.2020ൽ പഞ്ചായത്തിന് അക്കൗണ്ടുകളുടെയും നീക്കിയിരിപ്പുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നുവെങ്കിലും തുടർ നടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല. വി.ഇ.ഒ പഞ്ചായത്തിന് നൽകിയ കത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം വി.ഇ.ഒ യുടെ പേരിൽ നിലവിലുള്ള അക്കൗണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നം , | നീക്കിയിരിപ്പ് (രൂപ) |
|---|---|
| TSC ( A/C 57053181141)<br>SBI ഊരൂട്ടമ്പലം | 47790/- |
| EMS അക്കൌണ്ട്<br>കണ്ടല സർവീസ് സഹകരണ ബാങ്ക്<br>A/C 5452 | 179583/- |
| EMS അക്കൌണ്ട്<br>ഊരൂട്ടമ്പലം കോപ്പറേറ്റീവ് ബാങ്ക്<br>A/C 5359 | 240249/- |
| ആകെ | 4,67,622/- |

മേൽവിവരങ്ങളുടെ കൃത്യത /ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അക്കൗണ്ടുകൾ അടിയന്തിരമായി ക്ലോസ് ചെയ്യേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ബയോ പാർക്ക് നിർമാണം പൂർത്തീകരിച്ചില്ല- മുൻകൂർ നൽകിയതിൽ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്.

കേരള ഗ്രാമീൺ ബാങ്ക് ബയോഡൈവേഴ്സിറ്റി അക്കൗണ്ടിൽ (ആർ പി 40എ പ്രകാരം) മുന്നിരിപ്പായി രേഖപ്പെടുത്തിയിരുന്ന 3 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് (16.02.2022ൽ ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2019-20 സാമ്പത്തിക വർഷത്തെ തീം ബേസ്ഡ് കൺസർവേഷൻ പദ്ധതിയായ നെയ്യാർ നദീതീരസംരക്ഷണം ജൈവവൈവിധ്യ പരിപാലനത്തിന്റെ ഭാഗമായി മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുക്കിരിപ്പാറയിൽ ബയോപാർക്ക് നിർമാണത്തിനായി ബയോഡൈവേഴ്സിറ്റി ബോർഡിൽ നിന്നുമാണ് 3 ലക്ഷം രൂപ ലഭിച്ചത്. പ്രസ്തുത തുക ബയോപാർക്ക് നിർമാണത്തിന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് മുൻകൂറായി (2020 വർഷം, ഫയൽ നം. എ2-111/2020) നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 25.01.2022 ലെ നം 2823/എ6/2019/കെ എസ് ബി ബി നമ്പർ കത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ധനവിനിയോഗസാക്ഷ്യപത്ര പ്രകാരം പദ്ധതിയുടെ 31.03.2022 വരെയുള്ള ആകെ ചെലവ് 43,090/- രൂപയാണ്. തുടർവർഷങ്ങളിൽ ഇത് സംബന്ധിച്ച പദ്ധതി ഒന്നും തന്നെ രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 256910/-രൂപ തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9) മറുപടി ലഭ്യമാക്കി.

ബയോപാർക്ക് നിർമാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം മുൻകൂർ നൽകിയ തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സമയബന്ധിതമായി നിർവഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതും തുക യഥാവിധി ക്രമീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 'കന്നുക്കുട്ടി പരിപാലനം'പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 287988/രൂപ തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ 'കന്നുക്കുട്ടി പരിപാലനം'- SO069/22 & SO177/22 -എന്നീ പ്രോജക്ടുകൾക്കായി വികസന ഫണ്ടിൽ നിന്നും യഥാക്രമം 525000/-രൂപയും, 212500/-രൂപയും വകയിരിത്തിയിരുന്നു. ആകെ 525000/-രൂപയിൽ - Bill No.5/21-22 Dtd 29.1.2022പ്രകാരം 3125,00/- രൂപയും, Bill 8/21-22 Dtd 20.1.2022പ്രകാരം 212,500/-രൂപയും,Bill No.2/21-22 Dtd 23.12.21പ്രകാരം 212500/-രൂപയും എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 525000രൂപയിൽ 33,4809/-രൂപയുടെയും, 212500 രൂപയിൽ 114703രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത്.ശേഷിക്കുന്ന 287988/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 17ന് മറുപടി ലഭ്യമാക്കിയില്ല. ശേഷിക്കുന്ന 287988/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 10635981/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക/ബിൽ നമ്പർ |
|---|---|---|
| 1 | ഐ.കെ.എം.വിഹിതം ഒടുക്കൽ<br>SO002/22 | 127645/-<br>ബിൽ നമ്പർ 7/25.8.21 |
| 2 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിരം നിർമ്മാണത്തിന് വിഹിതം കൈമാറൽ<br>SO093/22 | 200000/-<br>ബിൽ നമ്പർ 8/25.8.21 |
| 3 | സ്ട്രീറ്റ് ലൈൻ നീട്ടൽ<br>SO117/22 | 4377336/-<br>XVFC/2021-22/P/8/dtd 10.3.22 |
| 4 | പൈപ്പ് ലൈൻ നീട്ടൽ<br>SO118/22 | 203800/-XVFC/2021-22/P/14<br>Dtd 24.2.22 |
| | | 1457200/-<br>XVFC/2021-22/P/14 Dtd31.3.22 |
| 5 | പൈപ്പ് ലൈൻ നീട്ടൽ<br>SO221/22 | 4260000/-<br>ബിൽ നമ്പർ 37/2021-22 Dtd 31.3.22 |
| ആകെ 10625981/- | | |

മേൽ പരാമർശിച്ചിരിക്കുന്ന 10625981/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി 18 ക്ക് മറുപടി ലഭ്യമാക്കിയില്ല.വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 കേരഗ്രാമം പദ്ധതി - തുടർപ്രവർത്തനങ്ങൾ അനിവാര്യം

| | |
|---|---|
| പ്രോജക്ട് നം. | 25/22 |
| പ്രോജക്ടിന്റെ പേര് | കേരഗ്രാമം-നാളികേര നേഴ്സറി |
| അടങ്കൽ തുക | 2400000 |
| ചെലവ് തുക | 600000 |
| ബിൽനം-/തീയതി | 8/21 -22, 08.03.2022 |
| നിർവ്വഹണം | കൃഷി ഓഫീസർ |

തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് നഴ്സറിയിൽ 1 വർഷം പരിപാലിച്ച് വീടുകളിൽ തൈകൾ നടുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.കാർഷിക വികസനം , നഴ്സറി പരിപാലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് ടി പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളത്.തൊഴിലുറപ്പ് വിഭാഗം നഴ്സറിയിൽ വിത്ത് തേങ്ങ പാകുന്നതിനും പരിപാലനത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത

പ്രോജക്ട് നിർവ്വഹണത്തിനായി VFPCK Krishi Business Kendra , Ernakulam എന്ന സ്ഥാപനത്തിൽ നിന്നും 10800 എണ്ണം വിത്ത് തേങ്ങകൾ വാങ്ങി പഞ്ചായത്തിലെ 20 ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്.പദ്ധതി പ്രകാരം വിത്ത് തേങ്ങകൾ പരിപാലിക്കുന്ന 2 നേഴ്സറികൾ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തുകയുണ്ടായി.പ്രസ്തുത പരിശോധനയിൽ തെങ്ങിൻ തൈകൾ നടുന്നതിന് പാകമായ നിലയിലാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-25/22-ന് ലഭ്യമാക്കിയ മറുപടിയിൽ തെങ്ങിൻ തൈകൾ വീട്ടുകളിൽ നട്ട് നൽകുന്നതിന് പ്രോജക്ട് തയ്യാറായി വരുന്നതായി അറിയിക്കുകയുണ്ടായി. പ്രസ്തുത തൈകൾ ഗുണഭോക്താക്കളെ കണ്ടെത്തി വീടുകളിൽ നട്ട്പരിപാലിച്ചാൽ മാത്രമേ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.ആയതിലേക്കായി തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-31 ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 14/22 |
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാരം |
| അടങ്കൽ തുക | 3909800 |
| ചെലവ് തുക | 3562444 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ 41 അംഗൻവാടികളിൽ ഭക്ഷ്യ സാധനങ്ങൾ ഇറക്കി നൽകിയ ഇനത്തിൽ ശ്രീ അരുൺ രവി, എന്ന വ്യക്തിക്ക് പ്രോജക്ട് പ്രകാരം തുക നൽകിയിട്ടുണ്ട്.ടെണ്ടർ രേഖകൾ, ടിയാനുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2022) 02.07.2021-ലെ 2(7) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വട്ടേഷൻ വിളിക്കാൻ സാധിക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷം 2.50 രൂപ നിരക്കിൽ കരാറിലേർപ്പെട്ടിരുന്ന ശ്രീ. അരുൺ രവി എന്ന വ്യക്തിക്ക് നൽകിയതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ്ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 22/22 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർകുക്കർ,കസേര എന്നിവ വാങ്ങൽ |
| അടങ്കൽ തുക | 476500 മെയിന്റനസ് ഫണ്ട് ( നോൺറോഡ്) |
| ചെലവ് തുക | 306669 |
| ബിൽ നം./ തീയതി | 30/21-22 , 17.03.2022 |
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ടി പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ നടപടിയിലൂടെ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും പ്രസ്തുത സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം-98/28.02.2022) ജി.എസ്.ടി ആക്ട് 2017 സെക്ഷൻ 51(1) വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും നികുതി ഒഴികെയുള്ള തുകയുടെ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (CGST 1% SGST 1%) എന്നാൽ പ്രസ്തുത വാങ്ങലുമായി ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ടതായ തുകയായ 5272/- രൂപ (263609/- രൂപയുടെ 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയതിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/2022ന് വരും വർഷങ്ങളിൽ 2.50ലക്ഷത്തിന് മുകളിൽഅധികരിക്കുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരത്തിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-33 അമൃതം ന്യൂട്രിമിക്സ് ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതാണ്.

31.01.2022-ലെ ICDS/B3-8415/20 (1) നമ്പർ കത്ത് പ്രകാരം ഒരു ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ഓരോ പ്രോജക്ടിലും ലഭ്യമാകുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി പരിശോധനയ്ക്ക് അയക്കേണ്ടതാണ്. ഇത്തരത്തിൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/22-ന് മറുപടി ലഭ്യമാക്കിയെങ്കിലും ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല. സർക്കാർ നിർദ്ദേശാനുസരണം അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

## 1-34 ശ്മശാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | | 123/22 |
| പ്രോജക്ടിന്റെ പേര് | : | ശ്മശാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ |
| അടങ്കൽ | : | 95000 |
| ചെലവ് | : | 55958 |
| ബിൽ നം./തീയതി | : | 18/21-22 Dtd:11.11.2021 |
| T.S നമ്പർ | : | 1/AEE/LSGD/NBP/2017-18 Dtd:25.07.2017 |

ടി പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) 2017-18 ൽ DPC അംഗീകാരം ലഭിച്ച ടി പ്രോജക്ടിനായി 12.10.2017-ൽ സൈറ്റ് കൈമാറിയതായി കാണുന്നു. എന്നാൽ പദ്ധതി പൂർത്തീകരിച്ച തീയതി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2) എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2% കുറവ് തുക ക്വാട്ട് ചെയ്ത റ്റി.സുരേഷ് എന്ന വ്യക്തിക്കാണ് കരാർ നൽകിയത്. എന്നാൽ എം.ബുക്ക് /ഫൈനൽ ബിൽ എന്നിവ പ്രകാരം ആകെ പ്രവൃത്തി മൂല്യമായ 53806/- രൂപയിൽ നിന്ന് 2% ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയതായി കാണുന്നില്ല.

3) പ്രവൃത്തി വൈകിയതിന് ആകെ പ്രവൃത്തി മൂല്യത്തിന്റെ 1% തുക (538/- രൂപ) മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രവൃത്തി കാലാവധി നീട്ടി നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 14.02.2023 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 34-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിൽ മറുപടി നല്കിയിട്ടില്ല.

## 1-35 കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിനായി കെൽട്രോൺ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | : | 74/22 |
| പ്രോജക്ടിന്റെ പേര് | : | LSGD ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | : | 100000/- രൂപ |
| ചെലവ് | : | 98818 |
| ബിൽ നം./തീയതി | : | 15/21-22 Dtd:01.10.2021 |

ടി പ്രോജക്ട് പ്രകാരം CPRCS മുഖേന കെൽട്രോൺ 23.09.2021-ൽ സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസ് പ്രകാരം കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയായ 98818/- രൂപ ടി ബിൽ പ്രകാരം 01.10.2021 ന് ഒടുക്കിയിട്ടുണ്ട്.

എന്നാൽ 15.11.2021-ൽ കെൽട്രോൺ സാധനങ്ങൾ സപ്ലൈ ചെയ്ത ഡെലിവറി ചെല്ലാൻ/ക്യാഷ്ബില്ല് എന്നിവ പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ വില താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 KUA UPS | : | 23305 |
| Laser Printer | | 12454.90 |
| Desktop (2) | : | 60154.04 |
| Total | : | 95914 |

കെൽട്രോൺ അധികമായി കൈപ്പറ്റിയ 2904/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത്

സംബന്ധിച്ച് 14.02.2023 ന് 33-ാം നമ്പരായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

## 1-36 വാതക ശ്മശാനം സ്ഥാപിക്കൽ – ടെണ്ടർ നടപടി ക്രമങ്ങൾ, കരാർ ചമയ്ക്കൽ എന്നിവയിൽ അപാകങ്ങൾ – രൂപ 10,10,000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | 120/2021-22 |
| പ്രോജക്ടിന്റെ പേര് | ശ്മശാനം (ഗ്യാസ് പ്ലാന്റ് ) സ്ഥാപിക്കൽ |
| ഫണ്ട് | CFC ഗ്രാന്റ് |
| അടങ്കൽ | 40,00,000/- |
| ചെലവ് | 20,00,000/- |
| ബിൽ നം./തീയതി | XVFC 2021-22/P/13 Dated 30.03.22 |

2021-22 വർഷത്തിൽ DPC അംഗീകാരം ലഭിച്ച് ആരംഭിച്ച ടി പദ്ധതിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

(1) സാങ്കേതികാനുമതി തുകയെക്കാൾ അധികരിച്ച തുകയ്ക്ക് കരാർ നൽകി.

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിച്ച ഗ്യാസ് ക്രിമറ്റോറിയത്തിനായി 44,45,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് ജില്ലാതല സാങ്കേതിക സമിതിയുടെ അനുമതിക്കായി സമർപ്പിക്കുകയും 08.11.21 ൽ സമിതി, നിബന്ധനകൾക്ക് വിധേയമായി Technical Sanction നൽകുകയും ചെയ്തു. എന്നാൽ 08.11.2021 ലെ സാങ്കേതിക സമിതി മീറ്റിംഗ് മിനട്സ്, 30.11.21 ലെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D4-1489/EE/LID&EW/2021-22 നമ്പർ കത്ത് എന്നിവയിൽ എത്ര തുകയ്ക്കാണ് പ്രോജക്ടിന് സാങ്കേതാനുമതി നൽകിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, അണ്ടൂർകോണം പഞ്ചായത്തിൽ നേരിട്ട് നടപ്പിലാക്കുന്ന ഗ്യാസ് ക്രിമറ്റോറിയത്തിന് പ്രസ്തുത മീറ്റിംഗിൽ അംഗീകാരം നൽകുകയും അണ്ടൂർകോണം ശ്മശാനത്തിന് സമാനമായ രീതിയിലും, റേറ്റിലും പാറശാല, മാറനല്ലൂർ ശ്മശാനങ്ങളുടെ Mechanical Part – ന് അംഗീകാരം നൽകിയതായി സമിതി വ്യക്തമാക്കുന്നുണ്ട്. ഫയലിനൊപ്പം ഹാജരാക്കിയ അണ്ടൂർകോണം ശ്മശാനത്തിന്റെ Mechanical Portion – ന്റെ എസ്റ്റിമേറ്റ് തുക 3194238.60 രൂപ മാത്രമാണ് (ജി.എസ്.ടി ഉൾപ്പെടെ) അതായത് മാറനല്ലൂർ ശ്മശാനത്തിനും സാങ്കേതികാനുമതി ലഭിച്ചത് 3194238.60 രൂപയ്ക്ക് മാത്രമാണ് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ശുചിത്വ മിഷൻ അംഗീകരിച്ച Specifications പ്രകാരമുള്ളതാണ് ടി പ്രോജക്ട്.

ഇപ്രകാരം 3194238.60 രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതിക്ക് അതിനേക്കാൾ അധികമായ തുകകളുടെ (38,60,000) ബിഡ് അംഗീകരിച്ച് കരാർ നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ നിലവിൽ MHT Engineering കമ്പനി സ്ഥാപിക്കുന്ന Fully Automatic Gas ക്രിമറ്റോറിയത്തിന്റെ എസ്റ്റിമേറ്റിന് ജില്ലാതല സാങ്കേതിക സമിതിയുടെ പുതുക്കിയ Technical Sanction വാങ്ങേണ്ടതാണ്.

(2) സാങ്കേതിക ഉപദേശം സ്വീകരിക്കാതെ, നെഗോസിയേഷൻ നടത്തി.

ശ്മശാനത്തിന് ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 21.01.2022 ന് ക്ഷണിച്ച ഇ-ടെണ്ടർ നോട്ടീസ് പ്രകാരം 4 സ്ഥാപനങ്ങൾ ബിഡുകൾ സമർപ്പിച്ചു. ഇതിൽ High Tech Crematorium എന്ന സ്ഥാപനം, ശുചിത്വ മിഷൻ അംഗീകരിച്ച അംഗീകൃത സേവനദാതാക്കളുടെ പട്ടികയിൽപ്പെട്ടത് അല്ലാത്തതിനാൽ ഒഴിവാക്കി. ബാക്കിയുള്ളവയുടെ ബിഡുകൾ താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | MHT Engineering | 2850000 (Ordinary)<br>3942500 (Fully Automatic) |

| | | |
|---|---|---|
| 2 | Keeral Safe Industries, Ernakulam | 3286000 |
| 3 | Essco Furnace Pvt Ltd, Chennai | 3870000 |

ഇതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത MHT Engineering കമ്പനിയുടെ 28,50,000 രൂപയുടെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകണമെന്ന് സെക്രട്ടറി കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തിയതായി 07.02.22 ലെ പഞ്ചായത്ത് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ കമ്പനികൾ ക്വാട്ട് ചെയ്തിരിക്കുന്നത്, ശുചിത്വമിഷൻ Specification പ്രകാരമുള്ള Base Model -ന് ആണെന്നും MHT Engineering കമ്പനി സമർപ്പിച്ച Fully Automatic ആയ(3942500/-രൂപ) മോഡൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും എന്ന് കമ്മിറ്റി അഭിപ്രായപ്പെടുകയും സ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊപ്പോസലുകളിൽ വിദഗ്ധ ഉപദേശം തേടുന്നതിനും Fully Automatic പ്ലാന്റിന്റെ വില സംബന്ധിച്ച MHT Engineering കമ്പനിയുമായി Negotiationനടത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു [07.02.22 ലെ കമ്മിറ്റി തീരുമാനം നമ്പർ I (1)]. കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ സംബന്ധിച്ച് വിദഗ്ധ ഉപദേശം ലഭിക്കുന്നതിന് മുമ്പ് Automatic Model ന് വേണ്ടി കമ്പനിയുമായി Negotiationനടത്താൻ കമ്മിറ്റി തീരുമാനിച്ചത് ക്രമവിരുദ്ധമാണ്.ശുചിത്വമിഷൻ അംഗീകരിച്ചതും ടെണ്ടർ പരസ്യത്തിൽ ഉൾപ്പെട്ടതുമായ സ്പെസിഫിക്കേഷന് വിരുദ്ധമായ മറ്റൊരു സ്പെസിഫിക്കേഷന് നിരക്ക് ക്വാട്ട് ചെയ്തതും ആയത് കമ്മിറ്റി അംഗീകരിച്ചതും ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

(3) കമ്പനി പ്രൊപ്പോസൽ പരിശോധിക്കപ്പെട്ടതും, ശരിവച്ചതും ക്രമപരമല്ല.

14.10.2020 ലെ ജി.ഒ (ആർ.റ്റി) 1898/20/എൽഎസ്ജിഡി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്/ഗ്യാസ് ശ്മശാനങ്ങളുടെ പദ്ധതികൾക്ക് സാങ്കേതികാനുമതി കൊടുക്കുന്ന ജില്ലാതല സമിതി ഉണ്ടായിരിക്കേ, വിദഗ്ധ ഉപദേശത്തിനായി ടി സമിതിയെ സമീപിക്കുന്നതിന് പകരം മലയിൻകീഴ് ഗവ. ITI പ്രിൻസിപ്പാളിന് 21.02.22 ന് കത്ത് നൽകുകയും ലഭിച്ച പ്രൊപ്പോസലുകളിൽ MHT Engineering കമ്പനിയുടെ 3942500 രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക മികവാർന്നതാണെന്നും എന്നാൽ പ്രവർത്തനക്ഷമതയും ഗുണനിലവാരവും വേറെ പരിശോധിക്കേണ്ടതുമാണെന്ന, ITI പ്രിൻസിപ്പാൾ നൽകിയ ശുപാർശ കത്ത് പ്രകാരം MHT Engineering കമ്പനിയുടെ Fully Automatic പ്ലാന്റിന് [Negotiationനടത്തിയശേഷം കമ്പനി സമ്മതിച്ച 38,60,000 രൂപയ്ക്ക് ]കരാർ നൽകാൻ 07.03.22 ന് കൂടിയ കമ്മിറ്റി തീരുമാനിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 14.10.2020 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട സാങ്കതിക സമിതിയിൽ

(എ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(ബി) എസ്.ഇ.ഇ., സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(സി) ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ

(ഡി) AXE, PWD Mechanical Division എന്നിവർ അംഗങ്ങൾ ആണ്. ടി സമിതിയാണ് സർക്കാർ ഇക്കാര്യത്തിനായി നിയോഗിച്ചിരിക്കുന്ന Competent Authority. എന്നാൽ മലയിൻകീഴ് ഗവ. ITI പ്രിൻസിപ്പാൾ ഇക്കാര്യത്തിൽ Competent Authority അല്ലാത്തിനാൽ ടിയാന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കരാറുകാരനെ തെരഞ്ഞെടുത്ത നടപടി ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ 14.02.2023 ലെ 28- ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മലയിൻകീഴ് ഗവ. ITI, സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന സർക്കാർ സ്ഥാപനമായതിനാലും, ഇക്കാര്യത്തിനായി ITI പ്രിൻസിപ്പാളിന് കത്ത് നൽകിയപ്പോൾ, ഇപ്രകാരമൊരു സർട്ടിഫിക്കറ്റ് നൽകുവാൻ ITI ക്ക് അധികാരം ഇല്ല എന്ന് പ്രിൻസിപ്പാൾ അറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിലും, ടി നടപടി ക്രമപ്രകാരമാണ് എന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. സർക്കാർ ഇക്കാര്യത്തിനായി ക്ഷമതയുള്ള ഒരു സമിതിയെ നിയമിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടി സമിതിയുടെ അഭിപ്രായം മാത്രമാണ് Competent ആയിട്ടുള്ളത്. ആയതിനാൽ മറുപടി തൃപ്തികരമല്ല.

ഈ സാഹചര്യത്തിൽ ടി ടെണ്ടറിൽ കമ്പനികൾ സമർപ്പിച്ച എല്ലാ പ്രൊപ്പോസലുകളും, ജില്ലാതല സാങ്കേതിക സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും നിലവിൽ പഞ്ചായത്ത് കരാർ നൽകിയ 38,60,000 രൂപയുടെ പ്രോപ്പോസൽ, MHT Engineering കമ്പനി നൽകിയ 28,50,000 രൂപയുടെ പ്രൊപ്പോസലിനേക്കാളും, ഇതര കമ്പനികൾ നൽകിയ പ്രൊപ്പോസലുകളേക്കാളും സാങ്കേതികമായി മികച്ചതാണന്ന് സമിതി സാക്ഷ്യപ്പെടുത്തേണ്ടതും, അപ്രകാരമൊരു സാക്ഷ്യപ്പെടുത്തൽ ലഭിച്ചില്ലായെങ്കിൽ, സെക്രട്ടറിയുടെ ശുപാർശ മറികടന്ന് നിലവിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകിയത് മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം (രൂപ 10,10,000) ത്തിന്, 07.03.22 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ തീരുമാനത്തിന്റെ ഭാഗമായ മുഴുവൻ അംഗങ്ങൾക്കും ഉത്തരവാദിത്വമുണ്ടായിരിക്കും. സർക്കാർ നിശ്ചയിച്ച സാങ്കേതിക സമിതി ടി ടെണ്ടർ നടപടികൾ അംഗീകരിക്കുന്നതുവരെ, ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത പ്രൊപ്പോസൽ ഒഴിവാക്കുക വഴി പഞ്ചായത്തിനുണ്ടായ അധികച്ചെലവായ 10,10,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(4) അംഗീകൃത സേവനദാതാവായ കമ്പനി, വ്യവസ്ഥകൾ പാലിച്ചിട്ടില്ല

ആധുനിക വാതക ശ്മശാന ഫർണസും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കൽ, പരിപാലനം എന്നിവയിൽ അംഗീകൃത സേവനദാതാക്കളെ നിശ്ചയിച്ച്കൊണ്ടും നിബന്ധനകൾ പുറപ്പെടുവിച്ചും ശുചിത്വമിഷൻ എക്സി. ഡയറക്ടർ 04.01.22 ൽ പുറപ്പെടുവിച്ച 2241/സി1/2019/എസ്.എം. നമ്പർ ഉത്തരവിലെ 2 -ാം നമ്പർ നിബന്ധന പ്രകാരം

ശുചിത്വമിഷന്റെ അംഗീകൃത Specification പ്രകാരം മാത്രമേ നിർവഹണം നടത്താൻ പാടുള്ളൂ എന്നും, ഇതിൽ നിന്ന് വ്യതിചലിക്കുന്ന ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

നിലവിൽ MHT Engineering കമ്പനി അംഗീകൃത സേവനദാതാക്കളുടെ പട്ടികയിൽ ഉൾപ്പെട്ടതാണ്. മാറനല്ലൂർ പഞ്ചായത്തിൽ ഇപ്പോൾ നിർമ്മാണം നടത്തുന്ന ഗ്യാസ് ക്രിമറ്റോറിയം, ശുചിത്വമിഷന്റെ അംഗീകൃത Specification പ്രകാരമുള്ളതാണ് എന്ന കാര്യം ജില്ലാതല സാങ്കേതിക സമിതി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(5) കരാറിലെ വ്യവസ്ഥകൾ കമ്പനിക്ക് അനുകൂലമായി ഉൾപ്പെടുത്തി.

ശുചിത്വമിഷൻ എക്സി. ഡയറക്ടറുടെ ഉത്തരവിൽ സേവനദാതാക്കൾ കുറഞ്ഞത് 5 വർഷം വാറണ്ടി നൽകേണ്ടതും, മൂന്ന് മാസത്തിലൊരിക്കൽ സംവിധാനങ്ങൾ പരിശോധിച്ച പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാർ കമ്പനിയുമായി 10.03.22 ൽ ഏർപ്പെട്ട കരാറിൽ വാറണ്ടി സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തികാണുന്നില്ല. സാധനങ്ങൾ സപ്ലൈ പൂർത്തിയാകുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കാണ് ഗ്യാരണ്ടി എന്ന് കരാറിൽ പരാമർശമുണ്ട്. അതായത് നിലവിൽ നടന്ന് കൊണ്ടിരിക്കുന്ന കെട്ടിടപ്പണിയും, ഇലക്ട്രിക് ജോലികളും പൂർത്തിയായി പ്ലാന്റ് കമ്മീഷൻ ചെയ്യുമ്പോഴേക്കും വാറണ്ടി അവസാനിച്ച സാഹചര്യം ഉണ്ടാകും. ഇത് സാധനങ്ങൾ വാങ്ങുന്നതിനുള്ള കരാറല്ല, മറിച്ച് ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കരാർ ആണ്. ആയതിനാൽ വാറണ്ടി കാലാവധി ആരംഭിക്കേണ്ടത് പ്ലാന്റ് കമ്മീഷൻ ചെയ്യുന്ന തീയതി മുതലാണ്. സർക്കാർ/ശുചിത്വമിഷൻ നിശ്ചയിക്കുന്ന Standards/specifications, വാറണ്ടി നിബന്ധനകൾ എന്നിവ സേവനദാതാക്കൾ നിർബന്ധമായും പാലിക്കേണ്ടതാണ് എന്ന് ശുചിത്വമിഷന്റെ 04.01.22 ലെ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ടി വ്യവസ്ഥകൾ ഉൾപ്പെടുത്തി അനുബന്ധ കരാറിൽ ഏർപ്പെടേണ്ടതാണ്.

(6) അംഗീകൃത സേവനദാതാക്കളായ മുഴുവൻ ഏജൻസികൾക്കും ടെണ്ടർ നോട്ടീസ് നൽകിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗ്യാസ് ക്രിമിറ്റോറിയങ്ങളുടെ സ്ഥാപിക്കലും പരിപാലനവും സംബന്ധിച്ച 04.01.22 ലെ ശുചിത്വ മിഷൻ ഉത്തരവിൽ താഴെ പറയുന്ന 5 ഏജൻസികളെ അംഗീകൃത സേവനദാതാക്കളായി നിശ്ചയിച്ചിരുന്നു.

(1) Keeral Safe Industries Pvt Ltd, Ernakulam

(2) MHT Engineering, Chennai

(3) Essco Furnace Pvt Ltd, Chennai

(4) Kerala State Industrial Enterprises Ltd, TVPM

(5) M/s Steel Industries Ltd, Kerala

ടി ഉത്തരവിലെ 4-ാം നമ്പർ നിബന്ധന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതും പ്രൊക്യൂർമെന്റ് റൂൾസിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ച്കൊണ്ട് മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു. എന്നാൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രീമറ്റോറിയം സ്ഥാപിക്കുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാൻ എല്ലാ അംഗീകൃത സേവനദാതാക്കൾക്കും പഞ്ചായത്ത് രേഖാമൂലം അറിയിപ്പ് നൽകിയതായി കാണുന്നില്ല. (അംഗീകൃത ഏജൻസികളായ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടില്ല)

പ്ലാന്റിന്റെ സ്ഥാപനചെലവിന് ഒപ്പം, തുടർ പരിപാലന ചെലവുകൾ, വാറണ്ടി കവറേജ് എന്നിവ കൂടി പരിശോധിച്ച് പൊതുമരാമത്ത് വകുപ്പിൽ പിൻതുടരുന്ന രീതിയിൽ Net Present Value കണക്കാക്കി ടെണ്ടറുകൾ അംഗീകരിക്കേണ്ടതാണെന്ന് ജില്ലാതല സാങ്കേതിക സമിതിയുടെ സാങ്കേതികാനുമതി രേഖയിൽ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ടി നടപടിക്രമങ്ങൾ/വിലയിരുത്തലുകൾ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമറ്റോറിയം ടെണ്ടർ നടപടിക്രമങ്ങളിൽ പാലിച്ചതായി കാണുന്നില്ല.

(7) മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല

ശുചിത്വ മിഷൻ നിബന്ധനകൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും, കേരളാ പഞ്ചായത്ത് രാജ് റൂൾസ് 1988 (Burial & Burning Ground) അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(8) സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

സങ്കീർണവും സാങ്കേതിക സ്വഭാവമുള്ളതുമായ പ്ലാന്റുകൾ മെഷീനറി തുടങ്ങിയവ വാങ്ങുന്നതിനായി ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിങ്ങനെ ദ്വിതല ടെണ്ടർ രീതി അവലംബിക്കേണ്ടതും, ആദ്യം ടെക്നിക്കൽ ബിഡ് മാത്രം തുറന്ന് പരിശോധിച്ച് വിലയിരുത്തിയശേഷം, സാങ്കേതികമായി സ്വീകാര്യമായ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ബിഡുകൾ തുറന്ന് പരിശോധിച്ച് തെരഞ്ഞെടുപ്പ് നടത്തി കരാർ നൽകേണ്ടതാണെന്ന് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ (ഖണ്ഡിക 7.50) അനുശാസിക്കുന്നു.എന്നാൽ ഇത്തരത്തിൽ സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങൾ ഈ പദ്ധതി

നടത്തിപ്പിൽ പാലിച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞ പ്രകാരമുള്ള അപാകങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത പ്രൊപ്പോസൽ ഒഴിവാക്കി, ഏറ്റവും കൂടിയ തുകയുടെ പ്രൊപ്പോസലിന് കരാർ നൽകിയത്, സാങ്കേതിക മികവിന്റെ അടിസ്ഥാനത്തിലാണെന്ന പഞ്ചായത്തിന്റെ അവകാശവാദം, സർക്കാർ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക സമിതിയെകൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും മേൽ ഖണ്ഡികകളിൽ പരാമർശിച്ച മറ്റ് അപാകങ്ങൾക്ക് ഉചിതമായ വിശദീകരണം നൽകേണ്ടതുമാണ്.ഇപ്പോൾ കരാർ നൽകിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് പുതുക്കിയ സാങ്കേതികാനുമതി വാങ്ങേണ്ടതും കരാർ ലഭിച്ച കമ്പനിയുടെ പ്രൊപ്പോസലാണ് സാങ്കേതികമായി മികച്ചതെന്ന് ക്ഷമതയുള്ള ഏജൻസിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ടി സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതുവരെ (ഏറ്റവും കുറവ് തുകയുടെ പ്രൊപ്പോസൽ ഒഴിവാക്കുക വഴി) പഞ്ചായത്തിന് അധികമായി ചെലവിടേണ്ടിവന്ന 10,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-37 വാഹനങ്ങളുടെ വിവരം Veels-ൽ രജിസ്റ്റർ ചെയ്തിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ.സ്ഥാപനങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ,ഗ്രാന്റ്-ഇൻ-എയ്ഡ്സ്ഥാപനങ്ങൾ,തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ)അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ)എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-37-1 വാഹനങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച.തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള മഹീന്ദ്ര ജീപ്പ്,ബഡ്സ് സ്കൂൾ മിനി ബസ് ,ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ആംബുലൻസ് എന്നിവയ്ക്ക് ഷെൽട്ടർ പണിതിട്ടില്ലാത്തതിനാൽ,ടി വാഹനങ്ങൾ തുറസായ സ്ഥലത്ത് പാർക്ക് ചെയ്യുകയും വെയിലും മഴയും ഏറ്റ് നശിക്കുന്ന സാഹചര്യവുമാണ് നിലവിലുള്ളത്.ആയതിനാൽ ഷെൽട്ടർ പണിത് വാഹനങ്ങൾ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര്, | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | കേര ഗ്രാമം നാളികേര നഴ്സറി | 100000 |
| | ഹരിത വീട് പുരയിടകൃഷി പരിപാലനം | 100000 |
| | സ്നേഹസ്പർശം | 616750 |
| | അനുപൂരക പോഷകാഹാരം | 200000 |
| | ലൈഫ് ഭവനപദ്ധതി- അഡിഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമാണം | 793400 |
| | ലൈഫ് ഭവനപദ്ധതി- അഡിഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമാണം | 600000 |
| | ലൈഫ് ഭവനപദ്ധതി- അഡിഷണൽ ലിസ്റ്റിലുള്ള പട്ടികവർഗക്കാർക്ക് ഭവനനിർമാണം | 142600 |
| | ക്ഷീര സമൃദ്ധി വനിത | 300000 |
| ആകെ | | 2852750 |
| ജില്ലാ പഞ്ചായത്ത് | ന്യൂലൈഫ് ലക്ഷം വീട് കോളനി നവീകരണം | 320000 |
| | സ്നേഹസ്പർശം | 612750 |
| | ലൈഫ് ഭവനപദ്ധതി- അഡിഷണൽ ലിസ്റ്റിലുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമാണം | 1986891 |
| | ലൈഫ് ഭവനപദ്ധതി- അഡിഷണൽ ലിസ്റ്റിലുള്ള പട്ടികവർഗക്കാർക്ക് ഭവനനിർമാണം | 117400 |
| | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഗ്യാസ് ശ്മശാനത്തിന്റെ കെട്ടിട നിർമാണവും വൈദ്യുതീകരണവും പ്ലാന്റ് സ്ഥാപിക്കലും | 1121789 |
| | ക്ഷീര സമൃദ്ധി വനിത | 125000 |
| | ക്ഷീര സമൃദ്ധി ജനറൽ | 55000 |
| ആകെ | | 4338830 |

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര്, | ചെലവ് |
|---|---|---|
| മുനിസിപ്പൽ കോർപറേഷൻ വിഹിതം | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ | 400000 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | RP7/31 പ്രകാരമുള്ള വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 413578 | 2852750 | 3266328 | 2904590<br>( തിരിച്ചടവ് 51840+2852750) | 361738 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4485458 | 4814341 | 9299799 | 4338830 | 4960969 |
| മുനിസിപ്പൽ കോർപറേഷൻ | 1200000 | 400000 | 1600000 | 400000 | 1200000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന്റെ വിശദാംശങ്ങൾ

2021-22 വർഷത്തെ വിവരങ്ങൾ (സുലേഖ പ്രകാരം)

| ഏജൻസിയുടെ പേര് | പ്രോജക്ടിന്റെ പേര്, നം. | നല്കിയ തുക |
|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ, 117<br>വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ,6/22 | 4377336<br>67146 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 221 | 4260000 |

| | | |
|---|---|---|
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 118 | 1661000 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരം

| ഏജൻസിയുടെ പേര് | മുന്നിരിപ്പ് | ഏജൻസിയ്ക്ക് നൽകിയ തുക | തിരികെ ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ എസ് ഇ ബി | 9765377 | 4377336 | 0 | 14142713 |
| കേരള വാട്ടർ അതോറിറ്റി | 5414077 | 5921000 | 0 | 11335077 |
| PWD | 479133 | 0 | 0 | 479133 |

വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ,6 എന്ന പ്രോജക്ട് പ്രകാരം കെ എസ് ഇ ബി യ്ക്ക് നൽകിയ തുക ധനകാര്യപത്രികയിൽ മുൻകൂർശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | കെ യു ആർ ഡി എഫ് സി | 40412686 | 260000 | 4033334 | 36639352 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ |
|---|---|---|---|---|---|
| 1 | 2016-2017 | 3-13 | 5285 | ശ്രീ ക്ലമന്റ് അസിസ്റ്റന്റ് എഞ്ചിനീയർ | 121120102434/31.08.2021 |
| 2 | 2016-17 | 3-13 | 5285 | ശ്രീ അജിത് കുമാർ , അസിസ്റ്റന്റ് എഞ്ചിനീയർ | 121120102435/31.08.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം |
|---|---|---|
| 2006-2007 | 3.5 | സെക്രട്ടറി നിർവഹണഉദ്യോഗസ്ഥൻ ആയിട്ടുള്ള തൊട്ടുവെട്ടിപ്പാറ തെരുക്കുന്ന് റോഡ് നിർമാണം കൺവീനറായ വിജയകുമാറിന് അധികമായി നൽകിയ തുക 126892/-രൂപ തടസ്സപ്പെടുത്തുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 35127012.55 |
| ഓഡിറ്റ് വർഷത്തെ വരവ് | 132341339 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 130454047 |
| നീക്കിയിരിപ്പ് | 37014304.55 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12086874 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 157905/- | ശ്രീ സുജിത്ത് , വി.ഇ.ഒ(സർക്കിൾ 1) |
| 1-24 | 5000/- | ശ്രീ സുജിത്ത് , വി.ഇ.ഒ(സർക്കിൾ 1) |
| 1-28 | 287988/- | ഡോ അരുൺകുമാർ ജി എസ്, വെറ്റിനറി സർജൻ |
| 1-29 | 10625981/- | ശ്രീ ജീവൻ എസ്, സെക്രട്ടറി |
| 1-36 | 1010000/- | 07.03.2022-ലെ കമ്മിറ്റി തീരുമാനത്തിൽ ഭാഗമായ മുഴുവൻ അംഗങ്ങളും |
| ആകെ | 12086874 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജീവൻ എസ് , സെക്രട്ടറി | സെക്രട്ടറി, മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | റ്റി സി 46/845, കരമന , തിരുവനന്തപുരം 695002 |
| ശ്രീ സുജിത്ത് , വി.ഇ.ഒ (സർക്കിൾ 1) | വി.ഇ.ഒ (സർക്കിൾ1) , മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | പനവിള വീട്, പുന്നാംകരിക്കകം, പൂവച്ചൽ പി ഒ |
| ഡോ അരുൺകുമാർ ജി എസ്, വെറ്റിനറി സർജൻ | - | അനിൽ ഭവൻ, കോളിയൂർ, മുട്ടയ്ക്കാട് പി .ഒ, തിരുവന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 1 (3.5) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2 (3.3,3.4) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 12<br>(2-2 (എ), 2-2 (ബി),<br>2-4 (സി), 2-4 (ഡി),<br>3-4, 3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-12) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2<br>(3-12,3-15) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 2<br>(2-4,3-10) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 3<br>(3-2,3-3,3-4) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 11<br>(2-3, 2-5, 3-1, 3-2,<br>3-4, 3-6, 3-8, 3-9,<br>3-10, 3-11, 3-12) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/1828/2022 തീയതി 15.10.2022 | 1 (3-4) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/2624/2018 തീയതി 09.11.2022 | 8 (2-3, 2-7, 2-8, 3-1, 3-2,<br>3-5, 3-8, 3-10) |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി.4/2171/2019 തീയതി 12.03.2021 | 22 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി.4/1520/2021 തീയതി 06.12.2021 | 32 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/648/2022 തീയതി 08.06.2022 | 26 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്